**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3251

14.07.2015-ലെ മറുപടിയ്ക്ക്

**ത്രിവേണി സൂപ്പർ മാർക്കറ്റിലെ ദിവസ വേതന ജീവനക്കാരുടെ പ്രശ്നങ്ങൾ**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലെ ദിവസ വേതന ജീവനക്കാർക്ക് ശമ്പളം കിട്ടാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ത്രിവേണി സൂപ്പർ മാർക്കറ്റുകളിൽ താത്കാലിക ജിവനക്കാരായി എത്ര പേർ ജോലി ചെയ്യുന്നു എന്നറിയിക്കാമോ; താത്കാലിക ജീവനക്കാരിൽനിന്ന് ESI, PF വിഹിതമായി പിടിക്കുന്ന തുക ബന്ധപ്പെട്ട വകുപ്പുകളിൽ എത്തുന്നില്ല എന്ന പരാതിയുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ തുക അടയ്ക്കുവാനുണ്ടെന്ന് അറിയിക്കാമോ; കുടിശ്ശിക അടിയന്തരമായും തുടർന്നുള്ള വിഹിതം കൃത്യമായും അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ത്രിവേണി സൂപ്പർമാർക്കറ്റുകളിൽ താൽക്കാലിക ജീവനക്കാരായി 915 പേർ ജോലി ചെയ്യുന്നു. താൽക്കാലിക ജീവനക്കാരിൽ നിന്ന് ESI, PF വിഹിതമായി പിടിക്കുന്ന തുക ചില റീജിയണുകളിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം ഭാഗികമായി മാത്രമേ അടച്ചിട്ടുള്ളൂ. പ്രോവിഡന്റ് ഫണ്ട് തുക നവംബർ 2014 വരെ അടച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ വിഹിതം കൂടി ചേർത്ത് മാത്രമേ ജീവനക്കാരിൽ നിന്നും പിടിച്ച പ്രോവിഡന്റ് ഫണ്ട് തുകകൾ അടയ്ക്കാൻ കഴിയുകയുള്ളൂ. സബ് കോഡുകൾ അനുവദിച്ച് ലഭിക്കാത്തതും തുക അടയ്ക്കാൻ വൈകുന്നതിന് കാരണമായിട്ടുണ്ട്. കുടിശ്ശിക തുക എത്രയും വേഗത്തിൽ അടയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

(സി) സംസ്ഥാനത്ത് ഇതുവരെ എത്ര ത്രിവേണി സ്റ്റോറുകൾ പൂട്ടിയിട്ടുണ്ട് ; ഇത് ഏതെല്ലാം ജില്ലകളിൽ എത്രയെണ്ണം വീതമെന്ന് അറിയിക്കാമോ; ഇവിടങ്ങളിലെ ജീവനക്കാരെ എവിടെ നിയമിച്ചു എന്നും അറിയിക്കാമോ?

(സി) സംസ്ഥാനത്ത് ഇതുവരെ 30 ത്രിവേണികൾ പൂട്ടിയിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ത്രിവേണികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 7 |
| കൊല്ലം | 4 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 3 |
| കോട്ടയം | 7 |
| എറണാകുളം | 5 |
| തൃശ്ശൂർ | 2 |
| വയനാട് | 1 |
| ആകെ | 30 |

പ്രവർത്തനം അവസാനിപ്പിച്ച ത്രിവേണികളിലെ ജീവനക്കാരെ കൺസ്യൂമർഫെഡിന്റെ മറ്റ് യൂണിറ്റുകളിലേയ്ക്ക് പുനർവിന്യസിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ